## 6

# ദൈവം മനുഷ്യനായി

മുൻപൊരിക്കലും പറഞ്ഞിട്ടില്ലാത്ത ഏറ്റവും അത്ഭുതാവഹമായ സംഭവങ്ങൾ പുതിയ നിയമത്തിലെ (മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ) നാല് പുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്നു. ദൈവം എങ്ങനെ മനുഷ്യനായി തീർന്നു എന്ന് അവ വെളിപ്പെടുത്തുന്നു. യേശുക്രിസ്തു, ഈ ലോകത്തിൽ വന്നു, നമ്മുടെ പാപങ്ങൾക്കായി മരിച്ചു - തന്നെ കൈക്കൊള്ളുന്നവർക്ക് - രക്ഷയും, പാപങ്ങളിൽ നിന്നുള്ള മോചനവും, നിത്യജീവനും നൽകുന്നതായി അവ പറയുന്നു.

പുതിയനിയമം ഒരു ചരിത്ര പുസ്തകമല്ല അത് രക്ഷയെക്കുറിച്ച് പഠിപ്പിക്കുന്നു, എങ്ങനെ ദൈവപുത്രൻ നമ്മിലൊരാളായി നമ്മെ രക്ഷിക്കുന്നു എന്ന് കാണിക്കുന്നതാണ് അതിന്റെ മുഖ്യഭാഗം. അതുകൊണ്ട്, മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ യേശുക്രിസ്തുവിന്റെ ജീവിതപഠനം മാത്രമല്ല, അത് മിഷനറി സന്ദേശങ്ങൾ പോലെ ആണ്. അവ “തിരഞ്ഞെടുത്ത ചരിത്രം” നല്കുന്നു, മനുഷ്യന് രക്ഷ നൽകുന്നതിന്റെ മുഖ്യസംഭവങ്ങളേയും വിവരിക്കുന്നു. അങ്ങനെ യോഹന്നാൻ 21:25 പറയുന്നു, “യേശു ചെയ്തത് മറ്റു പലതുമുണ്ട്, അത് ഓരോന്നായി എഴുതിയാൽ, എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നെയും ഒതുങ്ങുകയില്ല എന്ന് ഞാൻ നിരൂപിക്കുന്നു.”

യേശുക്രിസ്തു നമുക്ക് രക്ഷ നല്കുന്നു എന്ന് പുതിയനിയമത്തിൽ പറയുന്ന ചില മുഖ്യസംഭവങ്ങൾ ഏവ? യേശുക്രിസ്തുവിനെ സംബന്ധിച്ച സത്യം എന്ത്?

## യേശു ദൈവമായിരുന്നു/ദൈവമാണ്

യേശുവിനെ സംബന്ധിച്ച് നാം ആദ്യം സ്വീകരിക്കേണ്ട സത്യം അവൻ ദൈവമായിരുന്നു എന്നും ദൈവം ആണ് എന്നും അത്രേ.

അവന്റെ ജനനം അവന്റെ ആരംഭമായിരുന്നുവോ? അല്ല. നമ്മുടെ കർത്താവിന്റെ ബെത്‌ലഹേമിലെ ജനനം അവന്റെ നില നില്പ്പിന്റെ ആരംഭമായിരുന്നില്ല. അവന്റെ ജനനം ഭൗതിക ശരീരം എടുത്ത് മനുഷ്യനായി തീരേണ്ടതിനായിരുന്നു.

"ദൈവം" എന്നത് ഏതാണ്ട് ഒരു കുടുംബനാമമാണ്. നിങ്ങളുടെ കുടുംബനാമമാണ് നിങ്ങളേയും മറ്റ് അംഗങ്ങളേയും തിരിച്ചറിയിക്കുന്നത്. വ്യക്തികളായ കുടുംബാംഗങ്ങൾ ചേർന്നതാണ് ഒരു ചെറിയ കുടുംബ ഘടകം. അതേപോലെ, "ദൈവം" ഒരു കുടുംബ നാമമാണ്. തിരുവെഴുത്തിൽ നാം പിതാവായ ദൈവം, പുത്രനായ ദൈവം, ആത്മാവെന്ന ദൈവം ആകുന്നു. ദൈവികത്വത്തിലെ രണ്ടാമത്തെ അംഗമായ, യേശു, നമുക്ക് വേണ്ടി മനുഷ്യനായി തീർന്നു.

യേശു നിത്യദൈവമെന്ന് യോഹന്നാൻ 1:1-5 ഒരു വേദഭാഗം വ്യക്തമായി പറയുന്നുണ്ട്.[1] യേശു ദൈവമാണെന്നും അവൻ എല്ലായ്പ്പോഴും ദൈവമാണെന്നും യോഹന്നാൻ പറഞ്ഞു.

> ആദിയിൽ വചനമുണ്ടായിരുന്നു,[2] വചനം ദൈവത്തോടു കൂടെ ആയിരുന്നു, വചനം ദൈവമായിരുന്നു. സകലവും അവൻ മുഖാന്തരം ഉളവായി, ഉളവായതൊന്നും അവനെക്കൂടാതെ ഉളവായതല്ല. അവനിൽ ജീവനുണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു, വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു, ഇരുളോ അതിനെ പിടിച്ചടക്കിയില്ല.

ഈ വേദഭാഗത്തിൽ വരുന്ന നാല് വലിയ സത്യങ്ങളെ നാം ചിന്തിക്കേണ്ടതായിട്ടുണ്ട്:

(1) യേശു ഒരു സൃഷ്ടിയല്ല എന്ന വചനം. മുൻപുണ്ടാകാതെ യേശുവിനു എങ്ങനെ മനുഷ്യനായി തീരുവാൻ കഴിഞ്ഞു? യേശു ക്രിസ്തുവിനെ ഒഴിച്ച്, ആരുടേയും ജീവിതത്തിൽ ജനനവും ആരംഭവും തമ്മിൽ വ്യത്യാസമുള്ളതായി നാം കാണുന്നില്ല. തന്റെ ജനനം കൊണ്ട് അവൻ ദൈവപുത്രനായി തീർന്നതല്ല അല്ലെങ്കിൽ അന്തരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റതുകൊണ്ടും അല്ല. അവൻ ദൈവവും, പരമോന്നതനും ആരംഭം ഉണ്ടാകേണ്ടവനുമാണ്. അവൻ മുൻപുണ്ടായിരുന്നവനും എല്ലായ്പ്പോഴും ഉണ്ടായിരിക്കു

ന്നവനുമാണ്.

ലോകം ഉണ്ടാകുന്നതിന് മുൻപുതന്നെ തനിക്ക് ദൈവത്തോടുകൂടി ഉണ്ടായിരുന്ന മഹത്വത്തെ അവൻ പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 17:5). അവൻ പറഞ്ഞു, "... ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് വന്നിരിക്കുന്നു എന്ന് വിശ്വസിച്ചിരിക്കകൊണ്ട് പിതാവ് താനും നിങ്ങളെ സ്നേഹിക്കുന്നു; ..." (യോഹന്നാൻ 16:27, 28). "പിതാവേ, നീ ലോകസ്ഥാപനത്തിനുമുൻപേ എന്നെ സ്നേഹിച്ചിരിക്കകൊണ്ട് എനിക്ക് നൽകിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന് ഞാൻ ഇരിക്കുന്നിടത്ത് അവരും എന്നോടൊപ്പം ഇരിക്കണം എന്ന് ഞാൻ ഇച്ഛിക്കുന്നു" (യോഹന്നാൻ 17:24). മറ്റെല്ലാവരും ജീവിതത്തിലേക്ക് വന്നത് ഭൗതിക ജനനം മൂലമത്രേ, എന്നാൽ യേശു കാലാരംഭമോ ജീവിതാവസാനമോ അറിയാത്തവനാണ് (എബ്രായർ 7:3). അവൻ പൂർണ്ണമായും നിത്യനും ദൈവമാകുന്നു.

നമ്മിൽനിന്നും വ്യത്യസ്തമായി, അവൻ ജനനം തിരഞ്ഞെടുക്കയും ജീവിതാനുഭവത്തിലേക്ക് വരികയും ചെയ്തു. അവന്റെ ഭൗമിക ജീവിതത്തിൽ, അവന്റെ ദൈവികതത്വം അവൻ മാറ്റിവെച്ചില്ല, എന്നാൽ ദൈവം എന്ന സ്വഭാവത്തെ സ്വയമേ മാറ്റിവെച്ചു. എങ്ങനെ ആയാലും, അവന് തന്റെ ദൈവികമായ ശക്തിയെ എടുക്കാമായിരുന്നു. അല്ലെങ്കിൽ അവനു തിരഞ്ഞെടുത്ത ദൈവിക അഭ്യാസം നടത്താമായിരുന്നു (ഫിലിപ്പിയർ 2:6).

(2) ദൈവം യേശുമൂലമാണ് ലോകത്തെ സൃഷ്ടിച്ചത് എന്ന് നാം കാണുന്നു. അവൻ ഈ ലോകത്തിന്റെ വാസ്തവത്തിലുള്ള കർത്താവാണ്. 1 കൊരിന്ത്യർ 8:6 പറയുന്നു: "പിതാവായ, ഏക ദൈവമേ നമുക്കുള്ളു, അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതുമാകുന്നു; യേശുക്രിസ്തു, എന്ന ഏക കർത്താവും, നമുക്കുണ്ട്. അവൻ മുഖാന്തിരം സകലവും, അവൻ മുഖാന്തിരം നാമും ആകുന്നു." അതു കൊലൊസ്യർ 1:16 ലും പറയുന്നു: "ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ, വാഴ്ച്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ, സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു - അവൻ മുഖാന്തരവും അവന്നായിട്ടുംസകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു."

(3) യേശു ജീവിക്കുന്നവർക്കു ജീവൻ നല്കുകയും, മരിച്ചവർക്കു നവോത്ഥാനം നല്കുകയും ചെയ്യുന്നു എന്നു നാം

കാണുന്നു (യോഹന്നാൻ 11:25). അവൻ ജീവന്റെ കാരണഭൂത നാണ്.

(4) അവൻ ജീവന്റെയും മരണത്തിന്റെയും കർത്താവാണെന്നു നാം അന്തിമമായി ഉറപ്പിക്കണം. അവൻ എല്ലാം സൃഷ്ടിക്കുകയും എല്ലാറ്റിനെയും കരുതുകയും ചെയ്യുന്നു, മരണത്തെ വാഴുകയും ജീവൻ നല്കുകയും ചെയ്യുന്നു.

നമ്മുടെ കർത്താവിന്റെ ഭൗമികജീവിതത്തെ കുറിച്ച് നമുക്ക് എല്ലാം മനസിലാക്കാൻ കഴിയുന്നുണ്ടോ? തീർച്ചയായും, നമുക്കു കഴിയുകയില്ല. മനുഷ്യനു എങ്ങനെ പൂർണ്ണമായും ദൈവത്തെ മന സിലാക്കാൻ കഴിയും? ഒരാൾക്കു സത്യത്തെ വിശ്വസിക്കുവാൻ മുഴുവൻ മനസിലാക്കണമെന്നില്ല. ഭൂമി എങ്ങനെ ഉണ്ടാക്കി എന്നെ നിക്കു മനസിലാക്കാൻ കഴിയുന്നില്ല, എന്നാൽ അവൻ അതു സൃഷ്ടിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു.യേശു എങ്ങനെ മരിച്ച വരിൽനിന്നുയർത്തെഴുന്നേറ്റു എന്നെനിക്കു മനസിലാകുന്നില്ല, പക്ഷെ അവൻ ഉയിർത്തെഴുന്നേറ്റു എന്നു ഞാൻ വിശ്വസിക്കുന്നു. അതുപോലെ, ദൈവമായ, യേശുക്രിസ്തു, എങ്ങനെ മനുഷ്യനാ യിത്തീർന്നു എന്നതു എനിക്കു മനസിലാകുന്നില്ല, എന്നാൽ അവൻ അങ്ങനെ ആയി എന്നു ഞാൻ വിശ്വസിക്കുന്നു.

## ദൈവപുത്രനായ, യേശു, മനുഷ്യനായിത്തീർന്നു

യേശുവിനെക്കുറിച്ചുള്ള അടുത്ത സത്യം നാം മനസിലാക്കേ ണ്ടത് എന്തെന്നാൽ അവൻ പൂർണ്ണമായും മനുഷ്യനായിതീർന്നു എന്നാണ്. ഈ സത്യം നമ്മുടെ മനസിലേക്കു വരുവാൻ നമുക്ക് അനുവദിക്കാം: ദൈവപുത്രനായ, യേശു, ജഡം ധരിച്ചു! യേശു, ദൈവപുത്രൻ, ആയിരുന്നു, ദൈവപുത്രനാണ്, എല്ലായ്പ്പോഴും ആയിരിക്കും; എന്നാൽ അവന്റെ ജനനത്തിൽ അവൻ മനുഷ്യപു ത്രൻ ആയിത്തീർന്നു.

യേശു എങ്ങനെ സ്വർഗ്ഗം ഉപേക്ഷിച്ച് ഭൂമിയിലേക്കു വന്നു എന്നു പൗലൊസ് വിവരിക്കുന്നുണ്ട് (ഫിലിപ്പിയർ 2:5-8). യേശു എങ്ങനെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി വന്നു നമ്മിൽ ഒരാളെപ്പോലെ ആയി എന്നു ശ്രദ്ധിക്കുക.

ആദ്യം, അവൻ സ്വർഗ്ഗം വിട്ടു. അവന്റെ പിതാവിന്റെ സാന്നി ദ്ധ്യത്തിന്റെ സ്നേഹസമ്പത്ത് അവൻ വിട്ടു. വെറുപ്പില്ലാത്ത, അസൂ യയില്ലാത്ത, സംശയമില്ലാത്ത - ഒരു രാജധാനി അവൻ വിട്ടു. സ്വർഗ്ഗീയ യോജിപ്പിന്റെ മനോഹാരിത - തർക്കമില്ലാത്ത, ശണ്ഠയി

ല്ലാത്ത രാജധാനി - തെറ്റിദ്ധാരണയും പരിഭ്രാന്തിയും ഇല്ലാത്ത ഒരു സ്ഥലം അവൻ വിട്ടു.സമൃദ്ധമായ ഉറവയുള്ള സ്ഥലമാണ് അവൻ വിട്ടത്. പണത്തിനു ഒരു കുറവുമില്ലാത്ത, വിശപ്പോ, ദാഹമോ ഇല്ലാത്ത, ദാരിദ്ര്യം - ബാധിക്കാത്തതുമായ സ്ഥലമാണ് വിട്ടത്.

രണ്ടാമത്, അവൻ മനുഷ്യനായി തീർന്നു. അവന്റെ ജനനം അവന്റെ ആരംഭത്തെ കുറിക്കുന്നതല്ല. എന്നാൽ കുറെ നാളത്തേക്കു മനുഷ്യനായി പ്രത്യക്ഷപ്പെടുന്നു എന്നു മാത്രം. കാലത്തിന്റെ, നിത്യതയുടെ പ്രവേശന സന്ധിപ്പിന്റെ സ്ഥാനമായിരുന്നു പൂർണ്ണമായും ദൈവവും മനുഷ്യനും ആയിതീർന്ന യേശു. ജനിക്കുവാൻ മാത്രമല്ല, മരിക്കേണ്ടതിന് ഒരു മുഴു മനുഷ്യനുമായിരുന്നു. ദൈവമായി, അവൻ മനുഷ്യനായിതീർന്നു. അവൻ ദൈവപുത്രനായിരുന്നു, എന്നാൽ മനുഷ്യപുത്രനായിതീർന്നു.[3]

ക്രിസ്ത്യാനിത്വത്തിന്റെ വലിയ സത്യമാണിത്. ഈ സത്യം നിങ്ങൾക്കു വിശ്വസിക്കാൻ കഴിയുമെങ്കിൽ, അതിലെ മറ്റെല്ലാ സത്യങ്ങളും നിങ്ങൾക്കു വിശ്വസിക്കാൻ കഴിയും. അതെ ക്രിസ്ത്യാനിത്വത്തിലെ അമ്പരപ്പിക്കുന്ന സത്യമാണ് ദൈവം മനുഷ്യനായിതീർന്നവനാണ് നസറേത്തുകാരനായ യേശു എന്നത് - അവൻ പൂർണ്ണമായും ദൈവവും മനുഷ്യനും ആയിരുന്നു എന്നതാണ് സത്യം. ക്രിസ്ത്യാനിത്വത്തിലെ ഈ ഭാഗം വിശ്വസിക്കുന്ന ഒരാൾക്ക് ശേഷമുള്ളവ വിശ്വസിക്കാൻ വിഷമം നേരിടുകയില്ല.

യോഹന്നാൻ എഴുതി, "വചനം ജഡമായി, നമ്മുടെ ഇടയിൽ പാർത്തു" (യോഹന്നാൻ 1:14). അല്ലെങ്കിൽ, ദൈവം മനുഷ്യനായി തീർന്നു; ദൈവമകൻ ഒരു യെഹൂദനായി. സർവ്വശക്തൻ നിസഹായനായ ഒരു മനുഷ്യശിശുവായിതീർന്നു, കിടക്കയിൽ കിടക്കുക മാത്രം ചെയ്യാവുന്ന അവസ്ഥയിൽ ആയിരുന്നു. തുറിച്ചു നോക്കി, പിടഞ്ഞ് ശബ്ദമുണ്ടാക്കി കിടന്നു. അവനെ ആഹാരം കഴിപ്പിക്കണം, അവന്റെ വസ്ത്രം ആരെങ്കിലും മാറ്റണം, മറ്റേതൊരു കുട്ടിയേയും പോലെ സംസാരിക്കാൻ പഠിക്കണം. അതൊരു മായയോ, വഞ്ചനയോ ആയിരുന്നില്ല; ദൈവപുത്രന്റെ ശൈശവത്വം യാഥാർത്ഥ്യം ആയിരുന്നു. അതിനെക്കുറിച്ച് നിങ്ങൾ ചിന്തിക്കുന്തോറും അത്ഭുതപ്പെടും. ആളുകളുടെ അവിശ്വാസമോ, വിശ്വാസക്കുറവോ ആണ് - സുവിശേഷത്തിലെ അവതാരത്തെ മറ്റു സത്യങ്ങളുമായി ആളുകൾക്ക് വിശ്വസിക്കാൻ പ്രയാസം നേരിടുന്നത്. ഈ അവതാരം യാഥാർത്ഥ്യമെന്ന് ഒരിക്കൽ ബോധ്യപ്പെട്ടാൽ, മറ്റു വിഷമങ്ങൾ നീങ്ങി പോകും.[4]

മൂന്നാമത്, അവൻ മനുഷ്യരുടെ ദാസനായി തീർന്നു. അവൻ

രാജാവിനെ പോലെ രാജധാനിയിലല്ല, ദാരിദ്ര്യത്തിൽ ദാസനായി ട്ടാണ് വസിച്ചത്. അവൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ചെയ്യുവാനത്രെ വന്നത്. ശരിയായി ദൈവം എങ്ങനെയിരിക്കും, വാസ്തവത്തിലുള്ള മനുഷ്യൻ എങ്ങനെയിരിക്കും എന്നു കാണിക്കുവാനായിരുന്നു അവൻ വന്നത് (മർക്കൊസ് 10:45).

നാലാമത്, അവൻ മരണത്തിനു കീഴ്പ്പെട്ടു. മരണത്തിനു കീഴ്പ്പെടാതിരുന്നാൽ അവനു പൂർണ്ണമായും മനുഷ്യനാകാൻ സാദ്ധ്യമല്ലായിരുന്നു. മനുഷ്യരുമായി അവൻ പൂർണ്ണമായും തിരി ച്ചറിഞ്ഞിരുന്നു. ഏറ്റവും ഹീനമായ മരണത്തിനാണ് അവൻ കീഴ് പ്പെട്ടത്. ഞാൻ ഉറങ്ങുമ്പോൾ മരിക്കുവാനാണ് എനിക്കിഷ്ടം. നിങ്ങൾക്കോ? ഈ അർത്ഥത്തിൽ നാം ക്രിസ്തുവിനെ പോലെ അല്ല. ഉപദ്രവവും വേദനയും നിറഞ്ഞ മരണത്തിനാണ്, അവൻ കീഴ്പ്പെട്ടത് - മനപ്പൂർവ്വമായി യാതൊരു മടിയും കൂടാതെ ചെയ്തു.

## ദൈവ - മനുഷ്യനായിട്ടാണ് അവൻ നമ്മുടെ ഇടയിൽ വസിച്ചത്

യേശുവിനെക്കുറിച്ചുള്ള മറ്റൊരു സത്യം നാം ചിന്തിക്കേണ്ടത്, അവൻ ഒരു ദൈവ - മനുഷ്യനായിരുന്നു എന്നാണ്.

ദൈവ - മനുഷ്യൻ ഭൂമിയിൽ വളരെ അസാധാരണ ജീവിതം നയിക്കുമെന്നു നാം പ്രതീക്ഷിക്കും. മറ്റെല്ലാ മനുഷ്യരിൽ നിന്നും വ്യത്യസ്തനായിരിക്കും ദൈവ - മനുഷ്യൻ. മറ്റു മനുഷ്യരിൽനിന്നു ഉയർന്ന അവന്റെ ഭൗമിക ജീവിതം വിവരിച്ച മത്തായിയുടെയും മർക്കൊസിന്റെയും ലൂക്കൊസിന്റെയും യോഹന്നാന്റെയും അവ തരണത്തിൽ നമുക്കതിശയിക്കാനില്ല.

ദൈവം മനുഷ്യനായിതീർന്നെങ്കിൽ, ഒരു പ്രത്യേകജനനം ആവ ശ്യമായിരുന്നു: അവന്റേതു അത്തരം ഒരു ജനനമായിരുന്നു. കന്യ കയായിരുന്ന മറിയയിലായിരുന്നു അവൻ ജനിച്ചതെന്നു മത്താ യിയുടെയും ലൂക്കൊസിന്റേയും സുവിശേഷത്തിൽ പറയുന്നുണ്ട്. അവനു ഭൗമിക അമ്മയുണ്ടായിരുന്നു, എന്നാൽ ഭൗമിക അപ്പൻ ഇല്ലായിരുന്നു, കാരണം അവൻ പരിശുദ്ധാത്മാവിനാലായിരുന്നു ജനിച്ചത് (മത്തായി 1:20).

അവന്റെ ജീവിതം ദൈവിക ഉപദേശപ്രകാരം മറ്റു ധാർമ്മിക മനുഷ്യരേക്കാൾ, അവന്റെ ജീവിതം തികവുള്ളതായിരിക്കുമെന്നു നമുക്കു പ്രതീക്ഷിക്കാം. മറ്റാരും ഇതുവരെ സംസാരിക്കാത്ത രീതി യിൽ അവൻ സംസാരിച്ചതിൽ അതിശയിക്കാനില്ല (യോഹന്നാൻ

7:46). അവനെ കണ്ടുമുട്ടിയവരും അവന്റെ ഉപദേശം കേട്ടവരും അവന്റെ സന്ദേശത്തിലും ജീവിതത്തിലും അത്ഭുതപ്പെട്ടു.

അവൻ ദൈവം ജഡത്തിലായിരുന്നെങ്കിൽ, മനുഷ്യർക്കതീത മായ ശക്തിയാൽ അത്ഭുതങ്ങളും അടയാളങ്ങളും അവൻ ചെയ്ത തിൽ നമ്മൾ അതിശയിക്കുന്നതെന്തിന്? അവൻ ചെയ്ത അത്ഭുത ങ്ങൾ സ്പഷ്ടമായും പ്രകൃതി നിയമങ്ങൾക്കതീതമായിരുന്നു എന്ന് അവന്റെ ശത്രുക്കൾ പോലുംസമ്മതിച്ചിരുന്നു. അവൻ മരിച്ചവരെ ഉയർപ്പിച്ചു (യോഹന്നാൻ 11:43, 44), കുരുടനെ സൗഖ്യമാക്കി (മർക്കൊസ് 8), അപ്പവും മീനും വർദ്ധിപ്പിച്ചു (യോഹന്നാൻ 6). അത്തരം ശക്തി അവനുണ്ടായിരുന്നതിൽ നമുക്ക് അസാധാര ണത്വം തോന്നുകയില്ല. എന്ത്രയായാലും, എല്ലാം അവൻ സൃഷ്ടി ച്ചതും എല്ലാറ്റിനെയും നിലനിർത്തുകയും ചെയ്യുന്നു.

അവന്റെ മരണം ലോകചരിത്രത്തിൽ ഒന്നായി കാണാൻ നാം ആഗ്രഹിക്കയില്ലേ? ദൈവം ക്രൂശിൽ മരിക്കുക എന്നതു എക്കാ ലവും അതിശയിപ്പിക്ക തന്നെ ചെയ്യും. ഇതായിരുന്നു സംഭവിച്ച തെന്നു സുവിശേഷങ്ങൾ ചൂണ്ടി കാണിക്കുന്നു. യേശു മരിച്ചപ്പോൾ, ആകാശം ഇരുണ്ടു പോയി, ഭൂമി കുലുങ്ങി, ദൈവാലയത്തിലെ തിര ശീല കീറുകയും കല്ലറകൾ തുറക്കപ്പെടുകയും ചെയ്തു. യേശു വിന്റെ ഉയിർപ്പിനു ശേഷം നിരവധി ദൈവഭക്തന്മാർ കല്ലറകളിൽ നിന്നു എഴുന്നേറ്റു യെരുശലേമിൽ പ്രത്യക്ഷപ്പെട്ടു (മത്തായി 27:50-53). ദൈവ - മനുഷ്യൻ മരിച്ചപ്പോൾ, പ്രത്യേകമായി ഒന്നു സംഭവിച്ചു - ലോകസ്ഥാപനത്തിനു മുമ്പേ തയ്യാറാക്കിയ സംഭവ മായിരുന്നു.

മരണത്തിന്മേലും ദൈവ - മനുഷ്യനു ശക്തിയുണ്ടാവുമെന്ന് നാം പ്രതീക്ഷിക്കയില്ലേ? തീർച്ചയായും, അവൻ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റു. അവന്റെ ജീവിതത്തെക്കുറിച്ചു പറഞ്ഞവയിൽ ഇതു വളരെ വ്യക്തമായ സത്യമാണ്. നമ്മുടെ എല്ലാ സുവിശേഷ എഴുത്തുകാരും അവന്റെ ഉയിർത്തെഴുന്നേല്പിനെക്കുറിച്ചു വിശ ദമായിത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. അവൻ നമ്മുടെ പാപങ്ങൾക്കായി സ്വയമായി ഏല്പിച്ചു കൊടുത്തു, എന്നാൽ അവൻ ഉയിർത്തെഴു ന്നേറ്റതിനാൽ അവൻ വാസ്തവത്തിൽ ദൈവമായിരുന്നു എന്നു നമുക്കറിയാം.

## ഉപസംഹാരം

പിന്നെ, ഇവിടെ, നാം യേശുവിനെക്കുറിച്ച് ഒരിക്കലും മറക്ക

രുതാത്ത മൂന്നു സത്യങ്ങൾ ഉണ്ട്: അവൻ ദൈവം ആയിരുന്നു, ദൈവം ആണ്. അവൻ മനുഷ്യനായിതീരുകയും ദൈവ - മനുഷ്യനായി നമ്മുടെ ഇടയിൽ വസിക്കയും ചെയ്തു. യേശുവിനെ സംബന്ധിച്ച ഈ സത്യങ്ങൾ നമ്മെ രണ്ടു വിധത്തിൽ ഉത്തേജിപ്പിക്കുന്നു. ഒന്നാമത്, നമ്മുടെ രക്ഷകൻ, നിസഹായനായ ഒരു മനുഷ്യനല്ലെന്നും, എന്നാൽ അവൻ സർവ്വശക്തനായ - സൃഷ്ടികർത്താവായ ദൈവം, നിത്യനും സകലവും നിലനിർത്തുന്നവനുമാണെന്നു നമ്മെ ഓർപ്പിക്കുന്നു.

രണ്ടാമത്, യേശുമുൻപുണ്ടായിരുന്നതായും സകല മനുഷ്യരോടുമുള്ള അവന്റെ സ്നേഹവും നാം കാണുന്നു. അവൻ ഭൂമിയിൽ വന്ന്, നമ്മുടെ പാപങ്ങൾക്കായി മരിക്കുക മാത്രമായിരുന്നു നമുക്കുള്ള ഏക പ്രത്യാശ. യേശു വന്നു ആ പ്രത്യാശ നമുക്കു തരുവാൻ തയ്യാറായി. നമ്മുടെ രക്ഷക്കായി അവൻ തന്നെത്തന്നെ നല്കി, എന്നാൽ ഭൂമിയിലെ ആളുകൾ ആ സന്ദേശം സ്വീകരിച്ചു രക്ഷിക്കപ്പെടുമോ? ഒരു നിസാര പ്രതികരണത്തിനായിട്ടാണോ യേശു എല്ലാം വിട്ടു വന്നത്? യേശു ആ സാഹസം നമുക്കു വേണ്ടിയാണ് എടുത്തത്.അവൻ നമ്മുടെ രക്ഷിതാവായി. മറ്റാർക്കും നമ്മെ രക്ഷിക്കാൻ കഴിഞ്ഞില്ല. അവൻ വന്നില്ലായിരുന്നെങ്കിൽ, നാം പ്രത്യാശയില്ലാത്തവരായി കഴിയുമായിരുന്നു.

ഒരു ഉറുമ്പായി തീരുന്നതിനെക്കുറിച്ചു നിങ്ങൾക്കു ഊഹിക്കാമോ? മനുഷ്യൻ എന്ന നിലയിൽ നിങ്ങളുടെ സമ്പാദ്യങ്ങളെല്ലാം ഉപേക്ഷിക്കണം, അതുപോലെ മാനുഷശരീരം, ശക്തി, താലന്തുകൾ, എല്ലാം തന്നെ വിടണം. ഒരു ഉറുമ്പിന്റെ പരിമിതികളിൽ നിങ്ങൾ ജീവിക്കണം. യേശു ഒരു ഉറുമ്പായില്ല, സ്വർഗ്ഗീയ മഹിമയിൽ നിന്നു പാലസ്തീനിലെ ഒരുതാഴ്ന്ന മനുഷ്യനായത് ഉറുമ്പായി തീരുന്നതിനേക്കാൾ താഴ്ന്നതായിരുന്നു. അതെ, യേശു മനുഷ്യനായിതീർന്നതുകൊണ്ട് നമുക്ക് ദൈവമക്കളാകാം.[5]

നമുക്കു വേണ്ടി യേശു ചെയ്തതിൽ നമുക്ക് സന്തോഷിക്കുകയും പരിഹാരമായി നമുക്ക് അവനെ അനുസരിച്ച് അവനെ അനുഗമിക്കാം.

## പഠനചോദ്യങ്ങൾ

*(അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ)*

1. ആദ്യത്തെ നാലു പുതിയനിയമപുസ്തകങ്ങൾ എന്താണ് വെളിപ്പെടുത്തുന്നത്?

2. യേശുവിന്റെ ജനനം അവന്റെ ആരംഭം ആയിരുന്നോ?
3. യോഹന്നാൻ 1:1-5-ൽ വരുന്ന നാല് സത്യങ്ങൾ ഏവ?
4. നമ്മെപ്പോലെ ആകുവാൻ യേശു ഇറങ്ങിയ നാല് പടികൾ ഏവ?
5. നിങ്ങൾ അതു വിശ്വസിച്ചാൽ മറ്റെല്ലാം വിശ്വസിക്കുന്ന ക്രിസ്ത്യാനിത്വത്തിലെ മുഖ്യ സത്യം എന്ത്?
6. യേശുവിന്റെ ജനനം എങ്ങനെ പ്രത്യേകതയുള്ളതായി?
7. യേശുവിനെക്കുറിച്ച് ഒരിക്കലും മറക്കരുതാത്ത മൂന്നു സത്യങ്ങൾ ഏവ?
8. മനുഷ്യൻ ഉറുമ്പായി തീരുന്നതിനേക്കാൾ യേശു മനുഷ്യനായി തീർന്നത് ശ്രേഷ്ടമായ നടപടി ആയതെങ്ങനെ?

## വാക്ക് സഹായങ്ങൾ

**അവതാരം** – ദൈവപുത്രൻ മനുഷ്യശരീരത്തിൽ പ്രത്യക്ഷമാകുന്നത്; യേശു ഭൂമിയിൽ വന്നതു മനുഷ്യനായി ജീവിക്കുവാനായിരുന്നു.

**വസിക്കൽ** – ഉള്ളിൽ വസിക്കുവാൻ,പരിശുദ്ധാത്മാവു ക്രിസ്ത്യാനികളിൽ വസിക്കുന്നത് (1 കൊരിന്ത്യർ 6:19, 20).

**മുമ്പുണ്ടായിരിക്കൽ** – ലോകസ്ഥാപനത്തിനു മുൻപു തന്നെ ഉണ്ടായിരിക്കൽ. ദൈവികത്വത്തിനു മാത്രമുള്ള സ്വഭാവമാണ് (പിതാവായ ദൈവം, പുത്രനായ ദൈവം, ആത്മാവായ ദൈവം). മനുഷ്യനായിതീരുന്നതിനു മുൻപു യേശു ഉണ്ടായിരുന്നു. അവൻ ഉണ്ടായിരുന്നവനും, ഉള്ളവനും, എന്നേക്കും ഉണ്ടായിരിക്കുന്നവനുമാണ് (യോഹന്നാൻ 1:1-11.)

---

കുറിപ്പുകൾ

[1]ചരിത്രത്തിനുമുൻപുള്ള കാര്യങ്ങളുമായാണ് യോഹന്നാൻ തന്റെ സുവിശേഷം ആരംഭിക്കുന്നത്. നിത്യതയിലെ ദൈവവുമായാണ് അവൻ തുടങ്ങുന്നത്.

[2]"അലക്സന്തര്യക്കാരനായ ഫിലോയ്ക്ക് *വചനം* എന്നതിനെക്കുറിച്ച് ധാരാളം പറയുവാനുണ്ട്, അദ്ദേഹത്തിന്റെ വ്യവസ്ഥയിൽ ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള മദ്ധ്യസ്ഥ തത്വമായിരുന്നു, എന്നാൽ *വചനം* ജഡമായി തീരുന്നതിന്റെ സാദ്ധ്യത അയാൾ നിഷേധിച്ചിരുന്നു. വചനം ജഡമായി തീർന്നു എന്ന് യോഹന്നാൻ പറയുമ്പോൾ ഫിലോയിൽ നിന്നും വളരെ വ്യത്യസ്തമായ വചനമാണ് അവൻ അവതരിപ്പിക്കുന്നത്. അവന്റെ എല്ലാ വലിയ [പഠിത്ത] പഠിത്തവും, മനുഷ്യനിൽ വസിക്കുന്നതും അവരെ ദൈവമക്കളായിതീരുവാൻ ശക്തീകരിക്കുകയും ചെയ്യുന്ന വചനത്തെ കാണിക്കുവാൻ ഫിലോക്ക് കഴിഞ്ഞില്ല. ഇത് ആനുകാലിക ഗ്രീക്ക് ലോകത്തിൽ ഒരു പുതിയ മൂലകമായിരുന്നു" (Donald Guthrie, *A Shorter*

*Life of Christ* [Grand Rapids, Mich.: Zondervan, 1970], 73). [3]"ദൈവം വസിക്കുന്നത് മനുഷ്യനായിട്ടല്ല. അങ്ങനെയുള്ളവർ അനേകം ഉണ്ടായിട്ടുണ്ട്. ദൈവികത്വത്തിലേക്ക് ഉയർത്തിയ മനുഷ്യനുമല്ല. അന്യദേവന്മാരെ വണങ്ങിയിരുന്ന അത്തരം ഇതിഹാസപുരുഷന്മാർക്ക് ആരെയും രക്ഷിപ്പാൻ കഴിഞ്ഞില്ല. എന്നാൽ ദൈവവും മനുഷ്യനും, ഒരു വിധത്തിൽ യോജിച്ച് രണ്ട് സ്വഭാവത്തോടുകൂടി, പൂർണ്ണമായ ഒരു നർമ്മവും സമസ്യയുമായിരുന്നു, വിവരിക്കാൻ അസാദ്ധ്യവുമായിരുന്നു" (G. Campbell Morgan, *The Crises of the Christ* [Old Tappan, N.J.: Fleming H. Revell Co., 1936], 79). [4]J. I. Packer, *Knowing God* (Downers Grove, Ill.: InterVarsity Press, 1973), 46. [5]"എല്ലാമറിയുന്ന നിത്യനായവൻ ഈ പ്രപഞ്ചവും അതിലുള്ളതെല്ലാം സൃഷ്ടിച്ചവൻ മനുഷ്യനായി തീരുക മാത്രമല്ല (അതിനുമുൻപ്) ഒരു ശിശുവാകുകയും അതിനുമുൻപ് [ഫെറ്റസ്] ഒരു സ്ത്രീയുടെ ശരീരത്തിനകത്ത്. നിങ്ങളതിൽ പിടിച്ചു തൂങ്ങുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ എങ്ങനെ ഒരു ഞണ്ടോ ഒച്ചോ ആയി തീരും എന്ന് ചിന്തിക്കുക" (C. S. Lewis, *Mere Christianity*, rev. ed. [New York: Macmillan Publishing Co., 1952], 155).